# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### പഞ്ചായത്തുകൾ കക്ഷികളായ കേസ്സുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3042** **22.2.16- ൽ മറുപടി നൽ കേണ്ടത്.**

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി |
|---|---|---|---|
| (എ) | പഞ്ചായത്തുകൾ കക്ഷികളായ ധാരാളം കേസ്സുകൾ കോടതികളിൽ പരിഗണനയിലിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ ഒരു സിറ്റിംഗിന് വക്കീൽ ഫീസായി മുൻസിഫ് കോടതിയിൽ 1500 രൂപയും ഹൈക്കോടതിയിൽ 3000 രൂപയും മാത്രം നൽകുന്നതിനാലാണ് ഇപ്രകാരം കേസുകൾ കെട്ടിക്കിടക്കുന്നതെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി)<br>&<br>(സി) | വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 12/08/15-ലെ യോഗത്തിൽ നിലവിലുള്ള കേസുകൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വക്കീൽ ഫീസായി 3000 രൂപ വരെ അനുവദിക്കുന്ന വിഷയം ചർച്ച ചെയ്യുകയും ആയത് 15,000 രൂപ വരെ വർദ്ധിപ്പിക്കുന്നതിനും, വകുപ്പദ്ധ്യക്ഷന്മാരുടെ അനുമതിയോടുകൂടി 50,000 രൂപ വരെ ചെലവഴിക്കാൻ അനുമതി നൽകുന്നതിനും അതിന് മുകളിലുള്ള തുകയ്ക്ക് സർക്കാരിന്റെ അനുമതി തേടേണ്ടതുണ്ടെന്നും തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനമനുസരിച്ച് 18/02/16-ൽ ജി.ഒ(എം.എസ്) നമ്പർ 36/16/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പഞ്ചായത്ത് ഡയറക്ടറുടെ പ്രത്യേക അനുമതിയോടുകൂടി തുക കൂട്ടി നല്കി കേസ്സുകൾ നടത്തുന്നത് മൂലമുള്ള ബുദ്ധിമുട്ടുകളും കാലതാമസവും പരിഗണിച്ച് സിറ്റിംഗ് ഫീസിന്റെ പരിധി ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ